# എബ്രായലേഖനത്തിന്റെ ജീവ-പഠനം

## ദൂത് നാല്പത്തൊമ്പത്

# വിശ്വാസത്തിന്റെ കാരണഭൂതനും തികയ്ക്കുന്നവനും

## I. പഴയ ഉടമ്പടിയിലെ വിശുദ്ധന്മാർ വിശ്വാസത്തിന്റെ സാക്ഷികൾ മാത്രമാകുന്നു

Sat ഈ ദൂതിൽ നാം വിശ്വാസത്തിന്റെ കാരണഭൂതനും തികയ്ക്കുന്നവനുമായവനിലേക്കു വരുന്നു (12:2). പഴയ ഉടമ്പടിയുടെ വിശുദ്ധന്മാർ വിശ്വാസത്തിന്റെ സാക്ഷികൾ മാത്രമായിരുന്നു. അവരിലാരും വിശ്വാസത്തിന്റെ കാരണഭൂതനോ, സ്രോതസ്സോ, തികയ്ക്കുന്നവനോ, പൂർത്തിവരുത്തുന്നവനോ ആയിരുന്നില്ല. ഈ അധ്യായത്തിന്റെ വാക്യം 1 -ൽ വിശ്വാസത്തിന്റെ സാക്ഷികളെ "നമുക്കു ചുറ്റുമുള്ള മേഘം" ആയി കണക്കാക്കുന്നു. തന്റെ ജനത്തോടുകൂടെയായിരിക്കുവാൻ കർത്താവ് മേഘത്തിലായിരുന്നു (പുറ. 13:21-22). മേഘത്തിന്റെ നീക്കത്തിനനുസരിച്ച് യിസ്രായേൽമക്കൾ കർത്താവിനെ അനുഗമിച്ചു. മേഘം എവിടെ ഉണ്ടായിരുന്നുവോ, അവിടെ കർത്താവും ഉണ്ടായിരുന്നു. കൂടാതെ, കർത്താവിനെ പിന്തുടരുന്നതിൽ ജനത്തെ നയിക്കുന്നതിനു വേണ്ടിയാണ് മേഘം. കർത്താവിനെ അന്വേഷിക്കാനുള്ള ഒരു ഹൃദയം നിങ്ങൾക്കുണ്ടായിരിക്കുകയും, നിങ്ങൾ എബ്രായർ 11 വായിക്കുകയും ചെയ്യുന്നുവെങ്കിൽ, വിശ്വാസജനത്താൽ നിങ്ങൾക്ക് കർത്താവിന്റെ സാന്നിധ്യവും അവന്റെ നടത്തിപ്പും ഉണ്ടായിരിക്കുവാൻ കഴിയുമെന്ന അവബോധം ഉടനെതന്നെ നിങ്ങൾക്കുണ്ടാകും. നിങ്ങൾക്ക് മേഘമുണ്ടെങ്കിൽ, നിങ്ങൾക്ക് കർത്താവുണ്ട്. എന്നാൽ നിങ്ങൾക്ക് മേഘം നഷ്ടമായാൽ, നിങ്ങൾക്ക് കർത്താവും നഷ്ടമാകും. സദാജനമായ സകല വിശ്വാസത്തിന്റെ ജനവുമാണ് മേഘം. കർത്താവിന്റെ സാന്നിധ്യം അന്വേഷിക്കാനുള്ള ഏറ്റവും നല്ല മാർഗം സഭയിലേക്കു വരുന്നതാണ്. ആരെങ്കിലും കർത്താവിന്റെ നടത്തിപ്പ് അന്വേഷിക്കുന്നുവെങ്കിൽ, അവൻ മേഘത്തെ, സഭയെ പിന്തുടരണം. കർത്താവ് മേഘത്തിലാണ്, അതിന്റെ അർഥം അവൻ വിശ്വാസത്തിന്റെ ജനത്തോടു കൂടെയാകുന്നു എന്നാണ്. നാം വിശ്വാസത്തിന്റെ

ജനമായതിനാൽ നാം ഇന്നത്തെ മേഘമാണ്, നമ്മെ അനുഗമിക്കുന്നതിലൂടെ ജനത്തിന് കർത്താവിനെ അനുഗമിക്കുവാൻ കഴിയും. അവനെ അന്വേഷിക്കുന്നവർക്ക് നമ്മോടുകൂടെയുള്ള അവന്റെ സാന്നിധ്യം കണ്ടെത്താൻ കഴിയും. നാം ആയിരിക്കുന്ന ഇടത്താണ് കർത്താവുള്ളത്, ഈ ദിവസങ്ങളിൽ നാം ആയിരിക്കുന്നിടമാണ് കർത്താവ് നീങ്ങിക്കൊണ്ടിരിക്കുന്ന ദിശ.

## II. വിശ്വാസത്തിന്റെ കാരണഭൂതനും തികയ്ക്കുന്നവനും യേശു മാത്രമാകുന്നു

### A. വിശ്വാസത്തിന്റെ കാരണഭൂതൻ

യേശു മാത്രമാണ് വിശ്വാസത്തിന്റെ കാരണഭൂതനും തികയ്ക്കുന്നവനും. നാം കണ്ടതുപോലെ, പഴയ ഉടമ്പടിയിലെ വിശുദ്ധന്മാർ വിശ്വാസത്തിന്റെ സാക്ഷികൾ മാത്രമായിരുന്നു, എന്നാൽ യേശു വിശ്വാസത്തിന്റെ കാരണഭൂതനും തികയ്ക്കുന്നവനുമാണ്. "കാരണഭൂതൻ" എന്ന് വിവർത്തനം ചെയ്തിരിക്കുന്ന യവനപദത്തെ "ആരംഭകൻ", "തുടക്കമിടുന്നവൻ," "നായകൻ," "വഴിയൊരുക്കുന്നവൻ," "മുൻഗാമി" എന്നിങ്ങനെയും വിവർത്തനം ചെയ്യാം. 2:10-ൽ സേനാപതി എന്നതിനുവേണ്ടി ഇതേ യവനപദമാണ് ഉപയോഗിച്ചിരിക്കുന്നത്. യേശു വിശ്വാസത്തിന്റെ കാരണഭൂതനാണ്; അവനാണ് വിശ്വാസത്തിന്റെ ആരംഭകനും, തുടക്കമിടുന്നവനും, സ്രോതസ്സും, കാരണവും. കാരണഭൂതൻ ആരംഭകനും തുടക്കമിടുന്നവനുമാണ്; പിന്നെ അവൻ സ്രോതസ്സും കാരണവുമാണ്. കാരണഭൂതൻ ആരംഭകനായതിനാൽ, അവൻ വഴിയൊരുക്കുന്നവനും മുൻഗാമിയും കൂടിയാണ്. അതുകൊണ്ട്, അവൻ നായകനും സേനാപതിയും കൂടിയാണ്. ഈ എല്ലാ ശീർഷകങ്ങളെയും നാം ഒരുമിച്ചു വയ്ക്കുന്നുവെങ്കിൽ, വിശ്വാസത്തിന്റെ കാരണഭൂതൻ എന്ന യേശുവിന്റെ മതിയായ ഒരു നിർവചനം നമുക്കുണ്ട്.

നമ്മുടെ സ്വാഭാവിക മനുഷ്യനെ സംബന്ധിച്ചിടത്തോളം നമുക്ക് വിശ്വസിക്കാനുള്ള യാതൊരു പ്രാപ്തിയുമില്ലാത്തതുകൊണ്ട്, വിശ്വാസത്തിന്റെ കാരണഭൂതനായി നമുക്ക് യേശുവിനെ ആവശ്യമുണ്ട്. നമ്മളാൽത്തന്നെ നമുക്ക് വിശ്വാസമില്ല. നാം രക്ഷിക്കപ്പെടുവാൻ കാരണമായിത്തീർന്ന വിശ്വാസം "നിമ്മളിൽനിന്നല്ല; ഇത് ദൈവത്തിന്റെ ഉപഹാരമാകുന്നു" (എഫെ. 2:8). ദൈവത്തിന്റെ ദാനത്താൽ ഈ "വിലയേറിയ വിശ്വാസം" നാം "നേടിയിരിക്കുന്നു" (2 പത്രൊ. 1:1). നാം യേശുവിങ്കലേക്ക് നോക്കുമ്പോൾ, അവൻ, "ജീവൻ നൽകുന്ന ആത്മാവ്" എന്ന നിലയിൽ (1 കൊരി. 15:45), അവനെക്കൊണ്ട്, അവന്റെ വിശ്വസിക്കുന്ന മൂലകംകൊണ്ട് നമ്മെ സന്നിവേശിക്കുന്നു.

അപ്പോൾ, സ്വതവേ, വിശ്വസിക്കുന്ന പ്രാപ്തി നമ്മുടെ ആളത്തത്തിൽ ഉയർന്നുവരുകയും, അവനിൽ വിശ്വസിക്കാനുള്ള വിശ്വാസം നമുക്കുണ്ടാകുകയും ചെയ്യുന്നു. അത് നമ്മിൽനിന്നുള്ളതല്ല, പിന്നയോ നമുക്കുവേണ്ടി വിശ്വസിക്കുന്നതിന് വിശ്വസിക്കുന്ന മൂലകമായി നമ്മിലേക്ക് അവനെത്തന്നെ പകരുന്നവനിൽ നിന്നുള്ളതാണ്. അതിനാൽ, അവൻ തന്നെയാണ് നമ്മുടെ വിശ്വാസം. നമ്മുടെ സ്വന്തം വിശ്വാസത്താലല്ല, നമ്മുടെ വിശ്വാസമായ അവനാൽ, അവന്റെ വിശ്വാസത്താൽ നാം ജീവിക്കുന്നു (ഗലാ. 2:20).

യേശു വിശ്വാസത്തിന്റെ കാരണഭൂതനും ആരംഭകനും ആയിരിക്കുന്നത് മുഖ്യമായും ഭൂമിയിലുള്ള അവന്റെ ജീവനിലും അവന്റെ പാതയിലുമാണ്. കർത്താവായ യേശു ഭൂമിയിൽ ആയിരുന്നപ്പോൾ അവൻ വിശ്വാസത്തിന് ആരംഭംകുറിച്ചു. അവൻ ജീവിച്ച ജീവിതം വിശ്വാസത്തിന്റെ ജീവിതമായിരുന്നു, അവൻ നടന്ന പാത വിശ്വാസത്തിന്റെ പാതയായിരുന്നു. അവന്റെ ജീവനിലും പാതയിലും അവൻ വിശ്വാസത്തിന് ആരംഭംകുറിച്ചു. തന്മൂലം, അവൻ വിശ്വാസത്തിന്റെ കാരണഭൂതനാണ്.

യേശു വഴിയൊരുക്കുന്നവനും മുൻഗാമിയുമായതിനാൽ വിശ്വാസത്തിന്റെ വഴിയൊരുക്കി. നിങ്ങൾ നാലു സുവിശേഷങ്ങൾ വീണ്ടും വായിക്കുമെങ്കിൽ, അവന്റെ ജീവിതം വഴിയൊരുക്കുന്ന, വിശ്വാസത്തിന്റെ വഴിയൊരുക്കുന്ന ഒരു ജീവിതമായിരുന്നുവെന്ന് നിങ്ങൾ കാണും. അവൻ പോയിടത്തെല്ലാം അവനെ തടസ്സപ്പെടുത്തുന്ന ഒരു മലയോ ഒരു നദിയോ ഉണ്ടായിരുന്നുവെന്നു തോന്നും. എന്നാൽ പടിപടിയായി അവൻ വിശ്വാസത്തിന്റെ വഴിയൊരുക്കി. സുവിശേഷങ്ങൾ വായിക്കുന്നതിൽ നമുക്ക് ഈ വീക്ഷണമുണ്ടെങ്കിൽ, വിശ്വാസത്തിന്റെ ആരംഭകനായ യേശു എപ്പോഴും വിശ്വാസത്തിന്റെ വഴിയൊരുക്കുകയും, വിടവുകൾ അടയ്ക്കുകയും, ഒരു ഹൈവേ പണിയുന്നവനെപ്പോലെ മലകളെ നീക്കിക്കളയുകയും ചെയ്യുതായി നാം കാണും. അവൻ വിശ്വാസത്തിന്റെ വഴിയൊരുക്കിയതിനാൽ, അവൻ വിശ്വാസത്തിന്റെ പാതയിലെ വഴിയൊരുക്കുന്നവനും മുൻഗാമിയുമാണ്.

വിശ്വാസത്തിന്റെ വഴിയൊരുക്കുന്നവനും മുൻഗാമിയുമെന്ന നിലയിൽ യേശു വിശ്വാസത്തിന്റെ നായകനും സേനാപതിയുമാണ്. അവൻ വിശ്വാസത്തിന്റെ വഴിയൊരുക്കുകയും, മുൻഗാമിയെന്ന നിലയിൽ അതിന് വഴിതെളിക്കുവാൻ മുൻകയ്യെടുക്കുകയും ചെയ്യു. ഇക്കാരണത്താൽ, സേനാപതിയെന്ന നിലയിൽ, അവന്റെ കാൽച്ചുവടുകളിൽ വിശ്വാസത്തിന്റെ പാതയിലൂടെ നമ്മെ വഹിച്ചുകൊണ്ടുപോകുവാൻ അവനു കഴിയും. ഭൂമിയിലുള്ള തന്റെ ജീവിതത്തിലും തന്റെ പാതയിലും വിശ്വാസത്തിന്റെ

ആരംഭകനായും, സ്വർഗത്തിലുള്ള തന്റെ തേജസ്സിലും തന്റെ സിംഹാസനത്തിലും വിശ്വാസത്തെ തികയ്ക്കുന്നവനായും നാം അവനിലേക്കു നോക്കുമ്പോൾ, അവൻ ആരംഭംകുറിച്ചതും തികച്ചതുമായ വിശ്വാസംകൊണ്ട് നമ്മെ സന്നിവേശിപ്പിക്കുകയും നിവേശിപ്പിക്കുകയും ചെയ്യുന്നു.

## B. വിശ്വാസത്തെ തികയ്ക്കുന്നവൻ

യേശു വിശ്വാസത്തെ തികയ്ക്കുന്നവനും ആണ്. "തികയ്ക്കുന്നവൻ" എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്ന യവനപദത്തെ "പരിസമാപ്തി വരുത്തുന്നവൻ" അഥവാ "പൂർത്തിയാക്കുന്നവൻ" എന്നും വിവർത്തനം ചെയ്യാം. യേശു വിശ്വാസത്തിന് പരിസമാപ്തി വരുത്തുന്നവനും പൂർത്തിയാക്കുന്നവനും ആണ്. തുടർച്ചയായി അവങ്കലേക്ക് നോക്കുന്നതിലൂടെ, സ്വർഗീയ ഓട്ടം ഓടുവാൻ ആവശ്യമായ വിശ്വാസത്തെ പരിസമാപ്തി വരുത്തുവാനും പൂർത്തിയാക്കുവാനുമായി അവൻ നമുക്ക് ഉണ്ടാകും.

യേശു വിശ്വാസത്തെ തികയ്ക്കുന്നവനായിരിക്കുന്നത് മുഖ്യമായും സ്വർഗത്തിലുള്ള അവന്റെ തേജസ്സിലും സിംഹാസനത്തിലുമാണ്. അവൻ ഭൂമിയിൽ ആയിരുന്നപ്പോൾ ആരംഭംകുറിച്ച വിശ്വാസത്തെ പൂർത്തീകരിക്കുവാൻ അവൻ സിംഹാസനത്തിൽ തേജസ്സിൽ ഇരിക്കുന്നു. വിശ്വാസത്തിന്റെ സമാപ്തിവരുത്തുന്നവനും പൂർത്തിവരുത്തുന്നവനുമായതിനാൽ അവൻ ആരംഭംകുറിച്ചതും തുടക്കമിട്ടതും സമാപ്തിവരുത്തുകയും പൂർത്തീകരിക്കുകയും ചെയ്യും.

# III. വിശ്വാസത്തിന്റെ സന്നിവേശിപ്പിക്കൽ

## A. സ്വാഭാവികമായി നമുക്ക് വിശ്വസിക്കുവാനുള്ള പ്രാപ്തി ഇല്ല

ഇപ്പോൾ നാം വിശ്വാസം സന്നിവേശപ്പിക്കുകയെന്ന വിഷയത്തിലേക്കു വരുന്നു. നാം കണ്ടതുപോലെ, നമ്മുടെ സ്വാഭാവിക മനുഷ്യനെ സംബന്ധിച്ചിടത്തോളം നമുക്ക് വിശ്വസിക്കാനുള്ള പ്രാപ്തിയില്ല. നമ്മുടെ സ്വാഭാവിക ആളത്തത്തിൽ വിശ്വസിക്കുന്ന മൂലകം ഇല്ല. സ്വാഭാവികമായും, നമുക്ക് അവിശ്വസിക്കുന്നതിനുള്ള കഴിവ്, വിശ്വസിക്കാതിരിക്കുവാനുള്ള കഴിവ് മാത്രമേയുള്ളൂ.

## B. രക്ഷിക്കുന്ന വിശ്വാസം നമ്മിൽനിന്നുള്ളതല്ല

രക്ഷിക്കുന്ന വിശ്വാസം "നമ്മിൽനിന്നല്ല; ഇത് ദൈവത്തിന്റെ ഉപഹാരമാകുന്നു" (എഫെ. 2:8). നാം രക്ഷിക്കപ്പെടുവാൻ കാരണമായിത്തീർന്ന വിശ്വാസം നമ്മിൽനിന്നുള്ളതല്ല എന്ന്

എഫെസ്യർ 2:8 വ്യക്തമായി നമ്മോടു പറയുന്നു. അത് ദൈവത്തിൽനിന്ന് ഒരു ഉപഹാരമായി നമുക്കു ലഭിച്ചു. ദൈവം വിശ്വാസത്തിന്റെ ഉറവിടവും ദാതാവും ആകുന്നു, നാം ഈ ദിവ്യ ഉപഹാരത്തിന്റെ സ്വീകർത്താവ് ആകുന്നു. ദൈവം നമ്മുടെ ആളത്തത്തിലേക്ക് നമ്മുടെ വിശ്വാസമായിത്തീരുന്ന ചിലത് വച്ചിരിക്കുന്നു. നമുക്ക് "തുല്യമായ വിലയേറിയ വിശ്വാസം നൽകിയിരിക്കുന്നു" എന്ന് 2 പത്രൊസ് 1:1 പറയുന്നു. വിശ്വാസം വിലയേറിയതാണ്, കാരണം അത് നമുക്ക് ദൈവത്താൽ നല്കപ്പെട്ട ഒരു ഉപഹാരമാണ്.

## C. വിശ്വസിക്കുന്ന മൂലകമായി ക്രിസ്തു നമ്മിലേക്ക് സന്നിവേശിപ്പിക്കപ്പെടുന്നു

നാം യേശുവിങ്കലേക്ക് നോക്കുമ്പോൾ, അവൻ വിശ്വസിക്കുന്ന മൂലകമായ അവനെക്കൊണ്ടുതന്നെ നമ്മെ സന്നിവേശിപ്പിക്കുകയും നമ്മുടെ വിശ്വാസമായിത്തീരുകയും ചെയ്യുന്നു. സാരാംശീകരിക്കുന്ന പ്രാപ്തിയായ വിശ്വാസം, ആറാം ഇന്ദ്രിയം പോലെയാണെന്ന് നാം കണ്ടു. സുവിശേഷ പ്രസംഗത്തിലൂടെ നാം ഈ ഇന്ദ്രിയം കരസ്ഥമാക്കി. ശരിയായ സുവിശേഷ പ്രസംഗം കേവലം പഠിപ്പിക്കുന്ന കാര്യമല്ല; അത് സന്നിവേശിപ്പിക്കുന്നതിന്റെ കാര്യവും ആയിരിക്കണം. ചില പാപികളോട് ഞാൻ സുവിശേഷം പ്രസംഗിക്കുന്നുവെന്നു കരുതുക. അവരോട് ഞാൻ സുവിശേഷം പ്രസംഗിക്കുന്നതിനുമുമ്പ്, ഞാൻ ആദ്യം കർത്താവിന്റേതായ ചിലത് അവനിൽനിന്നും സ്വീകരിക്കണം. പിന്നെ ഞാൻ പ്രസംഗിക്കുമ്പോൾ, കർത്താവിൽനിന്ന് ഞാൻ സ്വീകരിച്ചത് വൈദ്യുതിയെന്നപോലെ, കേൾക്കുന്നവരിലേക്ക് പ്രവേശിക്കും. ഞാൻ സംസാരിക്കുന്ന വേളയിൽ ആളുകൾ എന്നെ നോക്കുകയും ഞാൻ പറയുന്നത് കേൾക്കുകയും ചെയ്യുമ്പോൾ, സ്വതസിദ്ധമായും ബോധപൂർവമായല്ലാതെയും അവരിലേക്ക് ചിലത് സന്നിവേശിപ്പിക്കപ്പെടുന്നു. എന്റെ പ്രസംഗത്തോടു യോജിക്കാതെ അവർ തല കുലുക്കുമെങ്കിലും, ഞാൻ പറയുന്നത് അവർ ഉള്ളിൽ ആഴത്തിൽ വിശ്വസിക്കുന്നു. വിശ്വസിക്കുന്നത് നിസ്സാരമാണെന്ന് ചിലർ സ്വയം പറയുമെങ്കിലും, അവരുടെ ഉള്ളിൽ ചിലത് പ്രതികരിച്ചുകൊണ്ടിരിക്കുകയും, "കർത്താവായ യേശുവേ, നിനക്ക് നന്ദി. നീ എത്ര നല്ലവനാണ്. കർത്താവേ, നീ എന്റെ രക്ഷകനാണ്" എന്നു പറയുവോളം അവരെ കൊണ്ടുവരുകയും ചെയ്യുന്നു. അവരുടെ ആളത്തത്തിലേക്ക് ചില മൂലകം സന്നിവേശിപ്പിക്കപ്പെട്ടതുകൊണ്ട് കർത്താവിൽ വിശ്വസിക്കുവാൻ അവർ പ്രാപ്തരാണ്. കർത്താവായ യേശുവിൽ വിശ്വസിക്കാനാണ് തങ്ങൾ യോഗത്തിൽ വന്നതെന്ന് പ്രകടിപ്പിക്കാത്ത നിരവധി ശാഠ്യക്കാരെ എനിക്കറിയാം. അവർ വീട്ടിലേക്കു പോയെങ്കിലും, അവർക്ക്

സമാധാനമില്ലായിരുന്നു, കാരണം ഉള്ളിൽ എന്തോ ഒന്ന് അവരെ വേവലാതിപ്പെടുത്തുകയും വിഷമിപ്പിക്കുകയും ചെയ്തു. അടുത്ത സുവിശേഷ യോഗത്തിനുള്ള സമയമായപ്പോൾ അവർ പറഞ്ഞു, "വീണ്ടും അവിടെ പോകുവാൻ ഞാൻ ആഗ്രഹിക്കുന്നു." ഇത് ഒരു പ്രസംഗകൻ മുഖാന്തരം ദൈവത്താലുള്ള വിശ്വാസം സന്നിവേശിപ്പിച്ചതിന്റെ ഫലമാണ്.

ഓരോ സുവിശേഷ പ്രസംഗകനും മനം കവരുന്നവനായ ഒരു വ്യക്തിയായിരിക്കണം. ആദ്യം അവൻ സ്വയം മനം കവരപ്പെടണം, അപ്പോൾ മറ്റുള്ളവരുടെ മനം കവരുവാൻ അവനു കഴിയും. അവൻ പറയുന്നത് യുക്തിക്ക് നിരക്കുന്നതാണെന്ന് തോന്നിയില്ലെങ്കിലും, ചാർജ്ജ് ചെയ്യുന്ന ഒരു ബാറ്ററിപോലെ കേൾവിക്കാർ ആകർഷിക്കപ്പെടും. ഇക്കാരണത്താൽ, സുവിശേഷം പ്രസംഗിക്കുന്നതിനുവേണ്ടി സഭ വളരെയധികം പ്രാർഥിക്കണം. നാം എത്രത്തോളം പ്രാർഥിക്കുന്നുവോ, സുവിശേഷയോഗം അത്രത്തോളം മനംകവരുന്നതായിരിക്കും. സുവിശേഷം പ്രസംഗിക്കുന്നവന് ഒരു സ്വർഗീയ മനം കവരൽ ഉണ്ടായിരിക്കുംവരെയും, അവൻ ദിവ്യമൂലകംകൊണ്ട് പൂർണമായി ഉത്തേജിപ്പിക്കപ്പെടുംവരെയും പ്രാർഥിക്കണം. അവൻ ഉത്തേജിപ്പിക്കപ്പെട്ട് മനം കവരുന്നവനായെങ്കിൽ, അവൻ ജനത്തിന്റെ മുമ്പിൽ നിൽക്കുമ്പോൾ, ജനത്തിലേക്ക് ചിലത് സന്നിവേശിപ്പിക്കപ്പെടുന്നു എന്ന അവബോധം അവനുണ്ടായിരിക്കും. ചിലർ അങ്ങനെയുള്ള ഒരു പ്രസംഗകനെ ഭയപ്പെടുകപോലും ചെയ്യുന്നു, അവർ പറയുന്നു, "അവനെ നോക്കരുത്. നിങ്ങൾ നോക്കുന്നുവെങ്കിൽ നിങ്ങൾ അവനാൽ മനം കവരപ്പെടും, കാരണം അവൻ അത്രത്തോളം മനം കവരുന്നവനാണ്." ഇതാണ് സുവിശേഷത്തിന്റെ ശക്തി. മറ്റ് പ്രസംഗകന്മാർ വാക്ചാതുര്യമുള്ളവരും വിദ്യാസമ്പന്നരും ആയിരിക്കാം, എന്നാൽ അവർ മനം കവരുന്നവരല്ല. സുവിശേഷ പ്രസംഗകന് വാക്ചാതുര്യം ഇല്ലായിരിക്കാം, എന്നാൽ അവൻ അത്രമാത്രം മനം കവരുന്നവനായതുകൊണ്ട് മറ്റുള്ളവർ അവനെ കേൾക്കുമ്പോൾ മനം കവരപ്പെടുന്നു. ആ മനം കവരുന്ന പ്രസംഗകനിലൂടെ ചില മൂലകം അവരിലേക്ക് നിവേശിപ്പിക്കപ്പെടും, യാതൊന്നിനും അതിനെ അവരിൽനിന്നും എടുത്തുകളയുവാൻ കഴിയുകയില്ല. നിവേശിപ്പിക്കപ്പെട്ട ഈ മൂലകമാണ് വിശ്വാസം.

ഈ തത്ത്വം സുവിശേഷം പ്രസംഗിക്കുന്നതിനു മാത്രമല്ല, മറ്റു രൂപങ്ങളിലുള്ള ശുശ്രൂഷയ്ക്കും ബാധകമാണ്. ശുശ്രൂഷ നമ്മുടെ വാക്ചാതുര്യത്തെയല്ല, നമ്മുടെ സംസാരത്തെ ആശ്രയിച്ചിരിക്കുന്നു. സംസാരം വാക്ചാതുര്യത്തിൽനിന്നും വ്യത്യസ്തമാണ്. വാചാലത, സംഗീതംപോലെ, ചെവിക്ക് ഇമ്പമുള്ള ഒന്നാണ്. നേരെമറിച്ച്, സംസാരം ദിവ്യമൂലകത്തെ വിടുവിക്കുന്നതാണ്. നിങ്ങളുടെ ശുശ്രൂഷ ശരിയാണെങ്കിൽ, നിങ്ങൾ ശുശ്രൂഷയ്ക്ക്

വരുമ്പോഴെല്ലാം നിങ്ങൾ മനം കവരപ്പെട്ടവനും മനം കവരുന്നവനും ആയിരിക്കും. ശരിയായ ശുശ്രൂഷ മൊത്തത്തിൽ ദൈവത്തെക്കൊണ്ടുതന്നെ പൂർണമായി സന്നിവേശിപ്പിക്കപ്പെടുന്നതിന്റെ കാര്യമാണ്. ഒന്നാമതായി, നാം ദിവ്യ മൂലകത്താൽ ഉത്തേജിപ്പിക്കപ്പെടുകയും, പിന്നീട്, ശുശ്രൂഷയിൽ, മനം കവരുന്ന രീതിയിൽ ആ ദിവ്യ മൂലകത്തെ നാം മറ്റുള്ളവരിലേക്ക് വികിരണം ചെയ്യുകയും ചെയ്യുന്നു. ഇത് മൊത്തത്തിൽ ദൈവത്തിന്റെ കൃപയുടെ ഒരു കാര്യമാണ്.

Mon നാം കണ്ടതുപോലെ, ദൈവത്തിന്റെ കൃപയെന്നത് നമ്മുടെ ആവശ്യങ്ങൾ സന്ധിക്കുന്നതിനായി നമ്മിലേക്കു പകരപ്പെടുന്ന ദൈവം തന്നെയാണ്. പാപികൾക്ക് തീർച്ചയായും വിശ്വാസം ഉണ്ടായിരിക്കണം, എന്നാൽ എങ്ങനെ അവർക്ക് അതുണ്ടാകും? സ്വാഭാവികമായി, നമുക്ക് വിശ്വാസമില്ല, അവിശ്വാസം മാത്രമേയുള്ളൂ. എന്നാൽ പാപികൾ സഭയിൽ വരുകയും ശരിയായ സുവിശേഷപ്രസംഗം കേൾക്കുകയും ചെയ്യുമ്പോൾ, അവർ ദൈവത്തെക്കൊണ്ട് ഉത്തേജിപ്പിക്കപ്പെടുന്നു. ദൈവം തന്നെയായ സ്വർഗീയ വൈദ്യുതി അവരിലേക്ക് പ്രസരിപ്പിക്കപ്പെടുന്നു. ഈ രീതിയിൽ ദൈവംതന്നെ അവരിലേക്ക് സന്നിവേശിപ്പിക്കപ്പെടുന്നതുകൊണ്ട്, അവർക്ക് വിശ്വാസമുണ്ടെന്ന് അവർ കണ്ടെത്തുന്നു. ഇതാണ് വിശ്വാസത്തിന്റെ ദാനം, അതിന്റെ പ്രകൃതവും മൂലകവും ദൈവം തന്നെയാണ്.

നമുക്ക് വിശ്വാസമുണ്ടാകണമെങ്കിൽ, വിശ്വാസത്തിന്റെ ഉറവിടമായ യേശുവിങ്കലേക്ക് നാം നോക്കണം. മറ്റെല്ലാ കാര്യങ്ങളിൽനിന്നും നാം അവങ്കലേക്ക് നോക്കുമ്പോൾ, അവനെക്കൊണ്ട് നമ്മെ ഉത്തേജിപ്പിച്ച് അവനെത്തന്നെ നമ്മിലേക്ക് വികിരണം ചെയ്യും. തൽഫലമായി, സ്വതവേ നമുക്ക് വിശ്വാസം ഉണ്ടാകും. വിശ്വാസം നമ്മിൽ നിന്നല്ല ഉത്ഭവിക്കുന്നത്; അത് അവനിൽ നിന്നാണ് ഉത്ഭവിക്കുന്നത്. വളരെ വ്യക്തിനിഷ്ഠമായ രീതിയിൽ ക്രിസ്തു തന്നെ നമുക്കുവേണ്ടി വിശ്വസിക്കുന്നതാണ് വിശ്വാസം. അവൻ എന്ന വ്യക്തി, നമ്മുടെ ആളത്തത്തിലെ വിശ്വസിക്കുന്ന മൂലകമായിത്തീരുംവരെ അവനെത്തന്നെ നമ്മിലേക്ക് പണിതുചേർത്തുകൊണ്ട് അവൻ അവനെക്കൊണ്ടുതന്നെ നമ്മെ സന്നിവേശിപ്പിക്കുന്നു. അങ്ങനെ, വിശ്വസിക്കുന്നത് നാമല്ല; അവനത്രേ നമ്മുടെ ഉള്ളിൽ വിശ്വസിക്കുന്നത്. ഈ രീതിയിൽ, അവൻ നമ്മെ വിശ്വസിക്കുന്ന ഒരു ആളത്തമാക്കുന്നു. കാഴ്ചയിൽ അത് നാം വിശ്വസിക്കുന്നതാണ്; വാസ്തവത്തിൽ അത് അവൻ വിശ്വസിക്കുന്നതാണ്. ഇതാണ് യഥാർഥ വിശ്വാസം.

ഈ വിശ്വാസത്തെ ക്രിസ്തു ഒരിക്കൽ നമ്മുടെ ഉള്ളിൽ ആരംഭിച്ചുകഴിഞ്ഞാൽ, അത് പോകുവാൻ അവൻ ഒരിക്കലും അനുവദിക്കുകയില്ല. പകരം, അവൻ അത് പൂർത്തിയാക്കുകയും,

പരിസമാപ്തിവരുത്തുകയും, തികയ്ക്കുകയും ചെയ്യും. സ്വയമായി നിങ്ങൾക്ക് വിശ്വാസത്തിന്റെ ഒരു അതികായനാകുവാൻ കഴിയുമെന്ന് ഒരിക്കലും ചിന്തിക്കരുത്. ഇല്ല, നമുക്ക് വിശ്വാസത്തിന്റെ ഒരു ചെറിയ അളവു പോലുമില്ല. നമുക്കുള്ള വിശ്വാസം നമ്മിലും നമുക്കുവേണ്ടിയും വിശ്വസിക്കുന്ന ക്രിസ്തു മാത്രമാണ്. നാം അവന്റെ വിശ്വാസത്താൽ, നമ്മുടെ വിശ്വാസമായ അവനാൽ ജീവിക്കുന്നു (ഗലാ. 2:20).

ക്രിസ്തുവിന്റെ വിശ്വസിക്കുന്ന മൂലകം ജീവപ്രമാണത്തിലൂടെ നമ്മുടെ ആളത്തത്തിലേക്ക് ഉത്തേജിപ്പിക്കപ്പെടുന്നു. നമ്മുടെ ആളത്തത്തിൽ പ്രവർത്തിക്കുവാൻ ജീവപ്രമാണത്തെ നാം എത്രയധികം അനുവദിക്കുന്നുവോ, അത്രയുമധികം നമുക്ക് വിശ്വസിക്കുവാൻ സാധിക്കും. നമ്മുടെ മനസ്സിലും വികാരത്തിലും ഇച്ഛാശക്തിയിലും നിരന്തരമായി പ്രവർത്തിക്കാനുള്ള അവസരം ജീവപ്രമാണത്തിന് നാം നൽകുമെങ്കിൽ അതിന്റെ പ്രവർത്തനം നമ്മിൽ വലിയ വിശ്വാസം ഉളവാക്കും. എബ്രായലേഖനം ജീവപ്രമാണത്തിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്, നമ്മുടെ ആളത്തത്തിൽ ജീവപ്രമാണത്തിന്റെ പ്രവർത്തനത്തിന്റെ ആദ്യഫലമാണ് വിശ്വാസം.

കൂടാരത്തിലെ ഉപകരണങ്ങളുടെ ക്രമീകരണത്തിന്റെ ആത്യന്തികവും പരണിതവുമായ കാര്യം സാക്ഷ്യപ്പലകയാൽ മുൻകുറിക്കപ്പെട്ട ജീവപ്രമാണമാണെന്ന് നാം കണ്ടു. സാക്ഷ്യമെന്നത് ദൈവം എന്താണെന്നതിന്റെ ആവിഷ്കാരവും നിർവചനവും ആയതുകൊണ്ട് ന്യായപ്രമാണത്തെ സാക്ഷ്യം എന്നു വിളിക്കുന്നു. ഓരോ പ്രമാണവും പ്രമാണം നല്കിയവന്റെ ആവിഷ്കാരമാണ്. ഒരു നല്ല മനുഷ്യൻ നല്ല നിയമങ്ങൾ ഉണ്ടാക്കുന്നു, ഒരു ചീത്ത മനുഷ്യൻ മോശകരമായ നിയമങ്ങൾ ഉണ്ടാക്കുന്നു. ഒരാൾ ഉണ്ടാക്കുന്ന നിയമം അവൻ എന്താണെന്ന് പ്രതിഫലിപ്പിക്കുന്നു. ഇക്കാരണത്താൽ, ദൈവത്തിന്റെ ന്യായപ്രമാണം ദൈവത്തിന്റെ ആളത്തത്തിന്റെ പ്രതിഫലനമാണ്. ദൈവം വെളിച്ചത്തിന്റെയും സ്നേഹത്തിന്റെയും ദൈവമായതുകൊണ്ടും, അവൻ നീതിമാനും വിശുദ്ധനുമായതുകൊണ്ടും, അവന്റെ ന്യായപ്രമാണവും വെളിച്ചത്തിന്റെയും സ്നേഹത്തിന്റെയും പ്രമാണവും, അത് നീതിയുള്ളതും വിശുദ്ധവുമാണ്. ദൈവത്തിന്റെ പ്രതിഫലനമായ ന്യായപ്രമാണം, ദൈവത്തിന്റെ ആവിഷ്കാരവും സാക്ഷ്യവുമാണ്. അത് ജീവപ്രമാണത്തിന്റെ ഒരു നിഴലുമാണ്. ഇന്ന് നമ്മുടെ ഉള്ളിലുള്ള ജീവപ്രമാണം വാസ്തവത്തിൽ ദൈവത്തിന്റെ പ്രതിഫലനവും ആവിഷ്കാരവുമാണ്. ജീവപ്രമാണം എത്രയധികം നമ്മുടെ ആളത്തത്തിൽ പ്രവർത്തിക്കുന്നുവോ, അത്രയധികം നാം ദൈവത്തിന്റെ സ്വരൂപം വഹിക്കുന്നു. ഈ വിധത്തിൽ നാം അവന്റെ ആവിഷ്കാരവും സാക്ഷ്യവുമായിത്തീരുന്നു.

കൂടാരത്തിലെ ഉപകരണങ്ങളുടെ ക്രമീകരണം ആത്യന്തികമായി ദൈവത്തിന്റെ ആവിഷ്കാരവും സാക്ഷ്യവുമായ ജീവപ്രമാണത്തിലേക്ക് നയിക്കുന്നു. ഇതേ രീതിയിൽ, ക്രൂശിൽ ആരംഭിക്കുന്നതും ജീവപ്രമാണത്തിൽ പരിണതിപ്രാപിക്കുന്നതുമായ ക്രിസ്തുവിന്റെ അനുഭവം ദൈവത്തിന്റെ സാക്ഷ്യത്തിൽ പര്യവസാനിക്കുന്നു. അതിന്റെ ലക്ഷ്യം ദൈവത്തിന്റെ ആവിഷ്കാരം ഉണ്ടായിരിക്കുക എന്നതാണ്. ദൈവത്തിന്റെ ആവിഷ്കാരത്തെയും സാക്ഷ്യത്തെയും കൊണ്ടുവരുവാൻ ജീവപ്രമാണം നമ്മുടെ ഉള്ളിൽ പ്രവർത്തിക്കുമ്പോൾ, അതിന്റെ പ്രവർത്തനത്തിന്റെ ആദ്യത്തെ ഫലം നമ്മുടെ വിശ്വാസമാണ്. ഏറ്റവും കൂടുതൽ വിശ്വസിക്കുന്ന വ്യക്തി ജീവപ്രമാണം ഏറ്റവും കൂടുതൽ തന്റെ ഉള്ളിൽ പ്രവർത്തിച്ചിട്ടുള്ള വ്യക്തിയാണ്. അങ്ങനെയുള്ള ഒരു വ്യക്തിക്ക് യാതൊരു ബുദ്ധിമുട്ടും പോരാട്ടവും കൂടാതെ ദൈവത്തെ അങ്ങേയറ്റം വിശ്വസിക്കുവാനുള്ള വിശ്വാസം ഉണ്ടായിരിക്കും. അവൻ വിശ്വസിക്കുന്നത് സ്വതസിദ്ധമായിട്ടാണ്, കാരണം അതു വരുന്നത് അവന്റെ ഉള്ളിലെ ജീവപ്രമാണത്തിന്റെ പ്രവർത്തനത്തിൽ നിന്നാണ്.

വേദപുസ്തകം സ്ഥിരത പുലർത്തുന്നു. നിരവധി പദങ്ങളും, പദപ്രയോഗങ്ങളും, ആഖ്യാനങ്ങളും ഉപയോഗിച്ചിട്ടുണ്ടെങ്കിലും അവയെല്ലാം ഒരു കാര്യത്തെ പ്രതിഫലിപ്പിക്കുന്നു. എബ്രായർ 8-ലെ ജീവപ്രമാണം എബ്രായർ 11-ലെ വിശ്വാസം എന്ന വിശ്വസിക്കുവാനുള്ള പ്രാപ്തിയിൽ പര്യവസാനിക്കുന്നു. വേദപുസ്തകം വായിക്കുന്നതിലൂടെ ഇതു നമുക്ക് മനസ്സിലാക്കാൻ കഴിയില്ലെങ്കിലും, നമ്മുടെ അനുഭവത്തിലൂടെ അതു നമുക്ക് അറിയുവാൻ കഴിയും. ഒന്നാമതായി, നമുക്ക് അനുഭവമുണ്ട്, പിന്നീട് വേദപുസ്തകത്തിലെ വെളിപാടിൽ നിന്നുള്ള സ്ഥിരീകരണം നമുക്കുണ്ട്. കാഴ്ചയിൽ എബ്രായർ 11-ന് എബ്രായർ 8-മായി ബന്ധമില്ല. എന്നിരുന്നാലും, ജീവനെ സംബന്ധിച്ച് എബ്രായർ 11 എബ്രായർ 8-ന്റെ ഫലമാണ്, കാരണം വിശ്വസിക്കുന്നതിനുള്ള പ്രാപ്തി ദിവ്യജീവന്റെ പ്രമാണം പ്രവർത്തിക്കുന്നതിൽനിന്നു വരുന്നതാണ്. നമ്മെ ദൈവത്തിന്റെ പ്രതിഫലനവും, ആവിഷ്കാരവും, സാക്ഷ്യവുമാക്കുവാൻ ജീവപ്രമാണം നമ്മുടെ ഉള്ളിൽ പ്രവർത്തിക്കുമ്പോൾ വിശ്വസിക്കുവാൻ നമുക്ക് എളുപ്പമാണ്. നമ്മുടെ വിശ്വാസം സ്വതസിദ്ധമാണ്. വാസ്തവത്തിൽ വിശ്വസിക്കാനുള്ള പ്രാപ്തി നമ്മിലേക്ക് പകർന്നിരിക്കുന്നതുകൊണ്ട് നമുക്ക് വിശ്വസിക്കാതിരിക്കുവാൻ കഴിയില്ല. എന്തുകൊണ്ടാണ് എല്ലാ കാര്യങ്ങളിൽനിന്നും നമ്മുടെ വിശ്വാസത്തിന്റെ കാരണഭൂതനും തികയ്ക്കുന്നവനുമായ യേശുവിങ്കലേക്ക് നോക്കേണ്ടതെന്ന് ഇപ്പോൾ നമുക്ക് കാണുവാൻ കഴിയും. നാം അവങ്കലേക്ക് നോക്കുമ്പോൾ, നമ്മിലേക്ക് അവനെത്തന്നെ പണിതുചേർക്കാനുള്ള അവസരവും

സ്വാതന്ത്ര്യവും നാം അവനു നൽകുകയാണ്. ഈ വിധത്തിൽ നാം അവനെക്കൊണ്ട് പൂർണമായി സാന്ദ്രീകരിക്കപ്പെടുന്നതുവരെ നമ്മുടെ ആളത്തത്തിന്റെ ഓരോ ആന്തരിക ഭാഗത്തും ജീവപ്രമാണത്തിന് പ്രവർത്തിക്കുവാൻ കഴിയും. നാം അവനെക്കൊണ്ട് സാന്ദ്രീകരിക്കപ്പെടുന്തോറും വിശ്വസിക്കുവാൻ എളുപ്പമായിരിക്കും. ഇതാണ് വിശ്വാസം ഉണ്ടായിരിക്കുവാനുള്ള മാർഗം. യേശുവിങ്കലേക്കു നോക്കിക്കൊണ്ട് നാമെല്ലാവരും വിശ്വാസത്തെ ഇപ്രകാരം വ്യക്തിനിഷ്ഠമായ രീതിയിൽ അനുഭവമാക്കട്ടെ.